

# മോതിരക്കണ്ണി സെന്റ് ജോർജ്ജ്സ് ഇടവക

20-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ സമീപ പ്രദേശങ്ങളിൽ നിന്ന് ഒട്ടേറെ കർഷകരും കുടുംബങ്ങളും മോതിരക്കണ്ണിയിലും പരിസര പ്രദേശങ്ങളിലും വന്ന് കൃഷിയിറക്കുകയും കുടിയേറി പാർക്കുകയും ചെയ്തു - ഭൂരിപക്ഷവും ക്രൈസ്തവർ. കുറ്റിക്കാട് ഇടവകയുടെ വിസ്തൃതമായ പിരിധിയിലായിരുന്നു മോതിരക്കണ്ണി. അതിനാൽ ഞായറാഴ്ച കുർബാനയ്ക്കും മറ്റ് ആത്മീയ കാര്യങ്ങൾക്കും ഇവിടത്തുകാർ പോയിരുന്നത് അകലെയുള്ള കുറ്റിക്കാട് പള്ളിയിൽ ആയിരുന്നു.

80 വർഷം മുമ്പ് നാല്പതോളം ക്രിസ്തീയ കുടുംബങ്ങൾ ഇവിടെയുണ്ടായിരുന്നു. അക്കാലത്ത് ശ്രീ. ചക്കാലമറ്റത്ത് ഉതുപ്പ് മകൻ കുഞ്ഞുവറീയ്ത് സ്വന്തം പറമ്പിന്റെ ഒരറ്റത്തായി രണ്ട് സെന്റ് സ്ഥലം കുറ്റിക്കാട് പള്ളി വികാരിയുടെ പേരിൽ ദാനമായി നല്കുകയും അവിടെ വി. ഗീവർഗീസിന്റെ നാമധേയത്തിൽ ഒരു കപ്പേള റോഡിനഭിമുഖമായി പണിതുകൊടുക്കുകയും ചെയ്തു. പ്രസ്തുത കപ്പേളയിൽ വിശുദ്ധന്റെ തിരുനാൾ ആഘോഷപൂർവ്വം കുറ്റിക്കാട് പള്ളിയുടെ കീഴിൽ നടന്നുവന്നിരുന്നു. ക്രമേണ വീടുകൾ വർദ്ധിച്ചു. ഇങ്ങനെയിരിക്കെ 1959-ലെ തിരുനാളവസരത്തിൽ ശ്രീ. വടക്കുമ്പാടൻ വറീത് കുഞ്ഞുവറീതിന്റെ നേതൃത്വത്തിൽ നൂറോളം കുടുംബങ്ങൾ ചേർന്ന് കുറ്റിക്കാട് പള്ളിവികാരിയായിരുന്ന ബഹു. തോമസ് താടിക്കാരനച്ചനെ കണ്ട് ഈ പ്രദേശത്ത് ഒരു ദേവാലയം വേണമെന്ന ആഗ്രഹം അറിയിക്കുകയും അതനുസരിച്ച് തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

## ദേവാലയം

1960-ൽ വടക്കുമ്പാടൻ വറീത് കുഞ്ഞുവറീത്, പോട്ടക്കാരൻ ഉതുപ്പ് ചെറിയ, ചക്കാലമറ്റത്ത് ഉതുപ്പ് കുഞ്ഞിപ്പാലു, വടക്കുമ്പാടൻ ആഗസ്തി കൊച്ചാപ്പു എന്നിവർ ചേർന്ന് 56 സെന്റ് സ്ഥലം(4000 രൂപയ്ക്ക്) വാങ്ങി, പള്ളി പണിയുന്നതിന് ദാനമായി നല്കി. അനന്തരം ഇവിടെനിന്ന് നല്കിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ രൂപതാമെത്രാൻ അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് പിതാവിൽ നിന്ന് പള്ളിപ്പണിക്കായി അനുമതി ലഭിക്കുകയും ബഹു. തോമസ് താടിക്കാരനച്ചന്റെ നേതൃത്വത്തിൽ 1961-ൽ സെന്റ് ജോർജ്ജ് പള്ളി യാഥാർത്ഥ്യമാവുകയും ചെയ്തു.



മതബോധന ഹാൾ

തൂമ്പാക്കോട് ഇടവകാംഗമായിരുന്ന വടക്കുമ്പാടൻ വറീത് കുഞ്ഞുവറീതിന്റെ കഠിനപ്രയത്നം സെന്റ് ജോർജ്ജ് ദേവാലയ നിർമ്മാണത്തിന്റെ ഊർജ്ജസ്രോതസ്സായിരുന്നു.

## സിമിത്തേരി, വൈദികമന്ദിരം

ഇതിനിടെ സിമിത്തേരിക്കായി സ്ഥലം വാങ്ങുകയും മേലധികാരികളുടെ പക്കൽ അപേക്ഷ നല്കുകയും ചെയ്തു. 1969-ൽ അനുമതി ലഭിച്ചപ്പോൾ സിമിത്തേരി നിർമ്മിച്ച് വെഞ്ചിരിച്ചു. ക്രമേണ വൈദികമന്ദിരവും മതബോധന ഹാളും പണിതു. പിന്നീട് ബഹു. ബെന്നി അരിമ്പുള്ളിയച്ചന്റെ (2000-2003) നേതൃത്വത്തിൽ സിമിത്തേരി വിപുലീകരിക്കുകയും കപ്പേള പണിയുകയും ചെയ്തു.

## ഇടവക, സ്ഥിരവാസമുള്ള വികാരി

തൃശൂർ രൂപതയിലെ DL 2/74-ാം നമ്പർ കല്പന പ്രകാരം മോതിരക്കണ്ണി സെന്റ് ജോർജ്ജ് കുരിശുപള്ളി നിശ്ചിത അതിർത്തികളോടെ 1974 ആഗസ്റ്റ് 15-ന് ഇടവകയായി ഉയർത്തപ്പെട്ടു. കുറ്റിക്കാട് പള്ളിവികാരിയായിരുന്ന ബഹു. ജോസഫ് മുണ്ടശ്ശേരിയച്ചനായിരുന്നു, ഇടവകയുടെ പ്രഥമ വികാരി. തുടർന്ന് കുറ്റിക്കാട് പള്ളിയിൽ നിന്നുതന്നെയാണ് കാര്യങ്ങൾ നടത്തിപോന്നത്. പിന്നീട് 1983-ൽ ഇടവകയിൽ താമസിച്ച് നേതൃത്വം നല്കുന്നതിനായി സ്ഥിരവാസമുള്ള പ്രഥമ വികാരിയായി ബഹു. പിയൂസ് ചിറ്റിലപ്പിള്ളിയച്ചൻ നിയമിതനായി. അന്നുമുതൽ ബഹു. വികാരിമാർ വൈദികമന്ദിരത്തിൽ താമസിച്ചുകൊണ്ട് ഇടവകയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു. 1986-ൽ ബഹു. ജോസ് വിതമറ്റിലച്ചന്റെ കാലഘട്ടത്തിലായിരുന്നു പള്ളിയുടെ രജത ജൂബിലിയാഘോഷം.

## കോൺവെന്റ് & വൃദ്ധമന്ദിരം

1996-ൽ ഇവിടെ സ്ഥാപിതമായതാണ് ഹോളി ഫാമിലി കോൺവെന്റ്. അവരുടെ നേതൃത്വത്തിൽ 1997-ൽ ആരംഭിച്ച "അമ്മ" എന്ന വൃദ്ധമന്ദിരം തിരുക്കുടുംബ സന്യാസിനി സമൂഹ സ്ഥാപകയായ വാഴ്ത്തപ്പെട്ട മദർ മറിയം ത്രേസ്യയുടെ ചൈതന്യമനുസരിച്ച് ആലംബഹീനർക്കും അവശർക്കും അത്താണിയായി നിലകൊള്ളുന്നു. 100 പേരെ സംരക്ഷിക്കാൻ വേണ്ട സൗകര്യമാണിവിടെയുള്ളത്.



ഹോളിഫാമിലി കോൺവെന്റ് & വൃദ്ധമന്ദിരം (അമ്മ)



"അമ്മ" എന്ന സ്ഥാപനത്തിലെ ഗ്രോട്ടോ

## കപ്പേളകൾ

പള്ളിപണിക്ക് പശ്ചാത്തലം ഒരുക്കിയതും വി. ഗീവർഗീസിന്റെ നാമധേയത്തിൽ 80 വർഷം മുമ്പ് സ്ഥാപിതവുമായ പടിഞ്ഞാറെ കപ്പേളയാണ് ഏറ്റവും പുരാതനം. ബഹു. പീയൂസ് ചിറ്റിലപ്പിള്ളിയച്ചന്റെ നേതൃത്വത്തിൽ 1984-85 കാലഘട്ടത്തിൽ മൂന്നു നിലകളിലായി ഇത് പുതുക്കിപ്പണിതു. 1968-ൽ ശ്രീ. ചാതേലി വറീയ്തും അദ്ദേഹത്തിന്റെ മക്കളും ചേർന്ന് പള്ളിയിൽ നിന്ന് ഒരു കിലോമീറ്റർ കിഴക്കുമാറി 85 സെന്റ് സ്ഥലം പള്ളിക്ക് ദാനമായി നല്കി. 1976-ൽ വി. സെബസ്ത്യാനോസിന്റെ നാമധേയത്തിൽ അവിടെ കപ്പേള പണിയുകയുണ്ടായി.



സെന്റ് ജോർജ്ജ് കപ്പേള



സെന്റ് സെബാസ്റ്റ്യൻ കപ്പേള

## ദേവാലയ പുനർനിർമ്മാണം

ഇടവകാംഗങ്ങളുടെ എണ്ണം വർദ്ധിച്ചുവന്ന സാഹചര്യത്തിൽ പള്ളിയകത്തെ സ്ഥലസൗകര്യം അപര്യാപ്തമായി അനുഭവപ്പെട്ടു. ബഹു. തോമസ് ആലുക്ക അച്ചന്റെ നേതൃത്വത്തിൽ പള്ളി പണിയാൻ തീരുമാനിക്കുകയും രൂപതയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. 1993 സെപ്റ്റംബർ 18-ന് ഇരിങ്ങാലക്കുട രൂപതാമെത്രാൻ ശിലാസ്ഥാപനം നടത്തുകയും തുടർന്ന് പള്ളിപണി ആരംഭിക്കുകയും ചെയ്തു. 1996 ഫെബ്രുവരി 8-ാം തിയ്യതി മാർ ജെയിംസ് പഴയാറ്റിൽ തന്നെ സെന്റ് ജോർജ്ജ് ദേവാലയത്തിന്റെയും വൈദിക മന്ദിരത്തിന്റെയും വെഞ്ചിരിപ്പ് നിർവ്വഹിച്ച് ഇടവക സമൂഹത്തിന് സമർപ്പിക്കുകയുണ്ടായി.

വികാരി ബഹു. ഫ്രാൻസിസ് കൊടിയനച്ചന്റെ ഉത്സാഹത്താൽ പാരിഷ്ഹാൾ പണിയുന്നതിന് 2007-ൽ 20 സെന്റ് സ്ഥലം വാങ്ങുകയും കിഴക്കേ കപ്പേള പുതുക്കിപ്പണിയുകയും ചെയ്തിട്ടുണ്ട്.